പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1772 **26-10-2026-ൽ മറുപടിയ്ക്ക്**

ഡിമെൻഷ്യ സൗഹൃദ കേരളം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) പ്രായമായവരിലെ ഡിമെൻഷ്യ (മറവിരോഗം) നേരത്തെ കണ്ടെത്തി ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്യുന്ന ഡിമെൻഷ്യ സൗഹൃദ കേരളം പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും ജീവിതനിലവാരവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഡിമെൻഷ്യ ബാധ നേരത്തെ കണ്ടെത്തി ശാസ്ത്രീയമായ ചികിത്സയും തുടർപരിചരണവും ലഭ്യമാക്കുന്നതിനും അവർക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നതിനുമായി നിലവിലുള്ള മുതിർന്ന പൗരന്മാരുടെ ക്ഷേമ, ആരോഗ്യസംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സമഗ്ര ഡിമെൻഷ്യ കർമ്മപദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലാണ്. ഡിമെൻഷ്യ പരിചരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്മൃതിപഥം പദ്ധതി, വയോമിത്രം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, പകൽവീടുകൾ തുടങ്ങിയ സംവിധാനങ്ങളെ പ്രയോജനപ്പെടുത്തി സംസ്ഥാന വ്യാപകമായി ഡിമെൻഷ്യ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു:

1. മുതിർന്ന പൗരൻമാർക്കുണ്ടാകുന്ന ഓർമ്മക്കുറവും ബൗദ്ധികശേഷിയിലെ മാറ്റങ്ങളും നേരത്തെ തിരിച്ചറിയുന്നതിനായി ശാസ്ത്രീയമായി സാധൂകരിച്ച പരിശോധനാസംവിധാനം വികസിപ്പിക്കുകയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, വയോമിത്രം എന്നിവയിലൂടെ പരിശോധനയും തുടർനടപടികളും ഉറപ്പാക്കുകയും ചെയ്യുക.

2. പ്രാഥമികതലം മുതൽ വിദഗ്ധ ചികിത്സാതലം വരെയുള്ള റഫറൽ സംവിധാനം ശക്തിപ്പെടുത്തുകയും ജില്ലാ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും മെമ്മറി ക്ലിനിക്കുകൾ സ്ഥാപിക്കുകയോ നിലവിലുള്ളവ ശക്തിപ്പെടുത്തുകയോ ചെയ്യുക.

3. സ്മൃതിപഥം പദ്ധതിയുടെ നിലവിലുള്ള ഡിമെൻഷ്യ പരിചരണ കേന്ദ്രങ്ങൾ വിപുലീകരിക്കുകയും ഘട്ടംഘട്ടമായി കൂടുതൽ ജില്ലകളിലേക്ക് സേവനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുക.

4. ഡിമെൻഷ്യയെക്കുറിച്ചുള്ള ബോധവത്കരണം ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യപ്രവർത്തകർ, ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,

സന്നദ്ധസംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ ജനകീയ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

5. പകൽവീടുകൾ ഉൾപ്പെടെയുള്ള നിലവിലുള്ള സംവിധാനങ്ങളെ ഡിമെൻഷ്യ സൗഹൃദ പരിചരണത്തിനും രോഗികളുടെ സാമൂഹിക ഇടപെടലുകൾക്കും കുടുംബാംഗങ്ങൾക്ക് താൽക്കാലിക ആശ്വാസപരിചരണം ലഭ്യമാക്കുന്നതിനും പ്രയോജനപ്പെടുത്തുക.

6. വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതല ഏകോപനസംവിധാനവും ജില്ലാ തല ഏകോപനസമിതികളും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. പ്രവർത്തനങ്ങൾ നിലവിലുള്ള സ്ഥാപനങ്ങളെയും പദ്ധതികളെയും ഏകോപിപ്പിച്ചുകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) ഓർമ്മ മങ്ങിത്തുടങ്ങുന്ന ഘട്ടത്തിൽ തന്നെ രോഗം തിരിച്ചറിഞ്ഞ് കൃത്യമായ ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനും രോഗിയെയും കുടുംബത്തെയും പിന്തുണയ്ക്കുന്നതിനുമായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കുകയെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> ഡിമെൻഷ്യയുടെ പ്രാരംഭലക്ഷണങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ പരിശോധനയും രോഗനിർണയവും ചികിത്സയും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും രോഗിക്കും കുടുംബത്തിനും തുടർച്ചയായ പിന്തുണ

ഉറപ്പാക്കുന്നതിനും വ്യക്തമായ പരിചരണപാത (Care Pathway) വികസിപ്പിക്കുന്നത് നിർദിഷ്ട കർമ്മപദ്ധതിയുടെ പ്രധാന ഘടകമാണ്.

ഇതിനായി താഴെപ്പറയുന്ന നടപടികൾ വിഭാവനം ചെയ്യുന്നു:

1. വയോമിത്രം, ആശാ പ്രവർത്തകർ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ

എന്നിവ മുഖേന ഓർമ്മക്കുറവ് ഉൾപ്പെടെയുള്ള പ്രാരംഭലക്ഷണങ്ങൾ

തിരിച്ചറിയുന്നതിനുള്ള പരിശോധനകളും ബോധവത്കരണവും നടത്തുക.

2. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ആരോഗ്യപ്രവർത്തകർക്കും

ഡോക്ടർമാർക്കും ഡിമെൻഷ്യയുടെ ലക്ഷണങ്ങൾ തിരിച്ചറിയുന്നതിനും

രോഗികളെ വിദഗ്ധ പരിശോധനയ്ക്കായി റഫർ ചെയ്യുന്നതിനും

പരിശീലനം നൽകുക.

3. ആവശ്യമായവർക്ക് ന്യൂറോളജി, ജെറിയാട്രിക്സ്, സൈക്യാട്രി തുടങ്ങിയ

വിദഗ്ധ മേഖലകളുടെ സേവനം ലഭ്യമാക്കുന്നതിനായി മെഡിക്കൽ

കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജില്ലാ മാനസികാരോഗ്യ പരിപാടി

എന്നിവയുടെ സഹകരണം ഉറപ്പാക്കുക.

4. രോഗനിർണയത്തിനുശേഷം രോഗിയുടെ ആരോഗ്യസ്ഥിതി,

പരിചരണാവശ്യങ്ങൾ, കുടുംബത്തിന്റെ സാഹചര്യം എന്നിവ

വിലയിരുത്തി തുടർപരിചരണം, മരുന്ന് സംബന്ധമായ നിർദേശങ്ങൾ,

ഗൃഹപരിചരണം, പുനരവലോകനം എന്നിവ ഏകോപിപ്പിക്കുക.

5. രോഗനിർണയം ലഭിച്ച ഓരോ കുടുംബത്തിനും നിശ്ചിത കാലയളവിൽ ഏകോപിതമായ തുടർപിന്തുണ ലഭ്യമാക്കുന്നതിനായി വയോമിത്രം സംവിധാനത്തിലെ ഉത്തരവാദപ്പെട്ട പ്രവർത്തകനെ ചുമതലപ്പെടുത്തുന്ന രീതി നടപ്പിലാക്കുന്നത് പരിഗണിക്കുക.

6. ടെലിഹെൽത്ത് സംവിധാനങ്ങളും നിലവിലുള്ള ആരോഗ്യവിവര സംവിധാനങ്ങളും പ്രയോജനപ്പെടുത്തി തുടർപരിചരണവും വിദഗ്ധോപദേശവും ലഭ്യമാക്കുക.

7. രോഗികളുടെ വിവരങ്ങൾ, ലഭിച്ച സേവനങ്ങൾ, തുടർപരിചരണ ആവശ്യങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങളുമായി ബന്ധിപ്പിച്ചുള്ള ഡിമെൻഷ്യ വിവരശേഖരണ സംവിധാനം വികസിപ്പിക്കുന്നത് പരിഗണിക്കുക.

ഇതിലൂടെ രോഗനിർണയത്തിലെ കാലതാമസം കുറയ്ക്കുന്നതിനും രോഗിയുടെ അന്തസ്സും സുരക്ഷയും ഉറപ്പാക്കുന്നതിനും കുടുംബത്തിന്റെ പരിചരണഭാരം ലഘൂകരിക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) രോഗിയെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്ക് പരിശീലനം, കൗൺസലിംഗ്, സാമൂഹിക പിന്തുണ എന്നിവ ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> ഡിമെൻഷ്യ ബാധിതരുടെ പരിചരണത്തിൽ കുടുംബാംഗങ്ങൾ നിർണായക പങ്കുവഹിക്കുന്നതിനാൽ അവർക്കാവശ്യമായ പരിശീലനം, മാനസിക പിന്തുണ, സാമൂഹിക സഹായം എന്നിവ ഉറപ്പാക്കുന്നത് നിർദിഷ്ട കർമ്മപദ്ധതിയുടെ പ്രധാന ഘടകമാണ്.

ഇതിനായി താഴെപ്പറയുന്ന നടപടികൾ വിഭാവനം ചെയ്യുന്നു:

1. ഡിമെൻഷ്യ ബാധിതരെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്കും പ്രതിഫലം വാങ്ങി പരിചരണം നൽകുന്നവർക്കും ദൈനംദിന പരിചരണം, വ്യക്തിശുചിത്വം, പോഷകാഹാരം, സുരക്ഷിതമായ ഗൃഹാന്തരീക്ഷം, മരുന്നുകളുടെ കൃത്യമായ ഉപയോഗം, രോഗവുമായി ബന്ധപ്പെട്ട പെരുമാറ്റപരവും മാനസികവുമായ ലക്ഷണങ്ങൾ കൈകാര്യം ചെയ്യൽ എന്നിവയിൽ പരിശീലനം നൽകുക.

2. ആരോഗ്യവകുപ്പ്, സർക്കാർ മെഡിക്കൽ കോളേജുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോസയൻസസ് (IMHANS), പാലിയേറ്റീവ് പരിചരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.

3. കുടുംബാംഗങ്ങൾ അനുഭവിക്കുന്ന മാനസികസമ്മർദം, ഉത്കണ്ഠ, ക്ഷീണം തുടങ്ങിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ആവശ്യാനുസരണം കൗൺസലിംഗ്, മാനസികാരോഗ്യ സേവനങ്ങൾ,

വിദഗ്ധോപദേശം എന്നിവ ലഭ്യമാക്കുക.

4. കുടുംബാംഗങ്ങൾക്ക് പരസ്പരം അനുഭവങ്ങൾ പങ്കുവയ്ക്കാനും പിന്തുണ നേടാനും കഴിയുന്ന പരിചാരക പിന്തുണാ കൂട്ടായ്മകൾ (Caregiver Support Groups) ജില്ലാ തലത്തിൽ രൂപീകരിക്കുക. നേരിട്ടുള്ള കൂടിക്കാഴ്ചകൾക്കൊപ്പം അനുയോജ്യമായ ഡിജിറ്റൽ സംവിധാനങ്ങളിലൂടെയുള്ള പിന്തുണയും പരിഗണിക്കുക.

5. പകൽവീടുകൾ, സ്മൃതിപഥം പരിചരണകേന്ദ്രങ്ങൾ, വയോമിത്രം തുടങ്ങിയ സംവിധാനങ്ങളിലൂടെ താൽക്കാലിക ആശ്വാസപരിചരണം (Respite Care) ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ വികസിപ്പിക്കുക.

6. മുഴുവൻ സമയ പരിചരണം നൽകാൻ കഴിയാത്ത കുടുംബങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും

സഹകരണത്തോടെ ഗൃഹാധിഷ്ഠിത പരിചരണസഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ പരിശോധിക്കുക.

സെക്ഷൻ ഓഫീസർ